**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് - മേപ്പയ്യൂർ ഫെസ്റ്റ് - തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2446/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 18/07/2017

പരാമർശം: മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15/05/2017 ലെ എ3-1321/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് എല്ലാ വർഷവും നടത്തി വരാറുള്ള കലാ-സാംസ്കാരിക ദേശീയോദ്ഗ്രഥന പരിപാടിയായ മേപ്പയ്യൂർ ഫെസ്റ്റ് ഫെബ്രുവരി 14 മുതൽ 22 വരെ നടത്തുകയുണ്ടായി എന്നും ഫെസ്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 2,00,000/- (രണ്ടു ലക്ഷം രൂപ) അനുവദിക്കണമെന്നുമാണ് പരാമർശ കത്ത് പ്രകാരം മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ എല്ലാ വർഷവും നടത്തി വരാറുള്ള കലാ-സാംസ്കാരിക ദേശീയോദ്ഗ്രഥന പരിപാടിയായ മേപ്പയ്യൂർ ഫെസ്റ്റിനായി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 2,00,000/- (രണ്ടു ലക്ഷം) രൂപ നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/സെക്രട്ടറി, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ